# ‘പ്രാർത്ഥനയുടെ മതിൽ പണിയുക’

## നെഹമ്യാവ് 2:17

‘‘യെരുശലേം ശൂന്യമായും അതിന്റെ വാതിലുകൾ തീകൊണ്ടു വെന്തും കിടക്കുന്നതായി നാം അകപ്പെട്ടിരിക്കുന്ന ഈ അനർത്ഥം നിങ്ങൾ കാണുന്നുവല്ലോ, വരുവിൻ; നാം ഇനിയും നിന്ദാപാത്രമായിരിക്കാതവണ്ണം യെരുശലേമിന്റെ മതിൽ പണിയുക എന്നു പറഞ്ഞു’’.

ദൈവത്തിന്റെ നഗരം എന്നു വിശേഷിപ്പിക്കുന്ന യെരുശലേം നഗരത്തിന്റെ ദയനീയമായ അവസ്ഥ നാം കണ്ടു. അതേ, നഗരം ശൂന്യമായി കിടക്കുന്നു. മതിൽ ഇടിഞ്ഞിരിക്കുന്നു. നഗരത്തിൻ വാതിൽ കത്തിയെരിഞ്ഞ് വെന്തുപോയിരിക്കുന്നു. യെരുശലേമിന്റെ സ്ഥിതി നെഹമ്യാവിനെ വേദനിപ്പിച്ചു. യെരുശലേമിലേക്ക് കടന്നുപോകാൻ, അതിന്റെ മതിൽ വീണ്ടും പണിയുവാൻ, തന്റെ സഹോദരജനത്തിന്റെ നിന്ദ നീക്കിക്കളയാൻ ഒരു വാഞ്ച അവന്റെ ഹൃദയത്തിൽ ഉണ്ടായി.

അതേ, ലോകത്തിന്റെ ഉന്നതിയെ അതിന്റെ മധ്യത്തിൽ യെരുശലേം നഗരം വിളങ്ങി നിന്ന്, ദൈവിക ആരാധനയും, ദൈവിക മഹത്വത്തിന്റെയും പ്രതീകമായി നില കൊള്ളേണ്ട നഗരം ശൂന്യമായിരിക്കുന്നു. ശൂന്യമായ ആരാധന. യെരുശലേമിനകത്ത് കടക്കുവാൻ വാതിലുകൾ ഇല്ല. കാരണം കത്തിക്കരിഞ്ഞു കിടക്കുന്നു. പ്രവേശനം നിഷേധിക്കപ്പെട്ട ദൈവിക സാന്നിധ്യം ഇവിടെ വചനത്തിലൂടെ വെളിപ്പെടുന്നു. ജീവിതം, വെന്ത മതിലിനു സമമായ അവസ്ഥ. പലപ്പോഴും ഈ അനർത്ഥത്തെ മനസ്സിലാക്കുവാനോ, അറിയുവാനോ, കാണുവാനോ ഉള്ള ഒരു ഹൃദയം ദൈവമക്കൾക്ക് നഷ്ടപ്പെട്ടിരിക്കുന്നു.

എന്നാൽ ഈ അനർത്ഥത്തിന്റെ നടുവിൽ അതിനെ കാണാനുള്ള ഒരു മനസ്സ് നെഹമ്യാവിന് ഉണ്ടായി. അവർക്ക് ഇടുവിൽ നിൽക്കാൻ താൻ ഇറങ്ങി തിരിക്കുന്നു. ഒരു പാനപാത്രവാഹകനായിരിന്ന നെഹമ്യാവ് തന്റെ സഹോദരങ്ങൾക്ക് അനർത്ഥം വന്ന പ്പോൾ പദവിയെയോ, യോഗ്യതയെയോ കണക്കിടാതെ അവരുടെ ഇടയിലേക്ക് ഇറങ്ങി വന്നു. ‘ആശ്വാസപ്രദൻ’ എന്ന തന്റെ പേരിന്റെ അർത്ഥം അവൻ ജീവിതത്തിൽ വെളിപ്പെടുത്തി.

ഒരു ദൈവപൈതൽ ആയിരിക്കുന്നിടത്ത് തന്റെ കണ്ണുകൾ, കാതുകൾ, ചിന്തകൾ ഇവയെല്ലാം നല്ല പ്രവൃത്തിക്കായി മതിലുകൾ പണിയാനായി കൊടുക്കണം എന്ന് നെഹ മ്യാവിന്റെ അനുഭവം പഠിപ്പിക്കുന്നു. അന്യോന്യം ധൈര്യപ്പെടുത്തി നമ്മുടെ

കുടുംബത്തിൽ, കൂട്ടായ്മയിൽ ജീവനില്ലാത്ത സാഹചര്യങ്ങളുടേയും അനുഭവങ്ങളുടെയുംമേൽ അല്പം ജീവൻ പകരാം. ദൈവിക ആരാധനയുടെ ശ്രേഷ്ഠമായ അനുഭവം ആസ്വദിക്കാനും

പ്രദർശിപ്പിക്കാനും ജീവിതത്തിന്റെ കത്തിയെരിഞ്ഞ എല്ലാ സാഹചര്യങ്ങളേയും അവനായി സമർപ്പിക്കാം. നെഹമ്യാവിനെ ദൈവിക നിയോഗത്തിനായി ഇറക്കിയ ഒരു ഹൃദയം, വിശ്വാസം, ഒരു സമർപ്പണം നമ്മുടെ ജീവിതത്തിലും ലഭിക്കണമേ എന്ന് പ്രാർത്ഥിക്കാം. കഷ്ടത്തിലും അപമാനത്തിലും ഇരിക്കുന്ന കൂട്ടുസഹോദരനായി പ്രാർത്ഥിക്കാം.

പരാമർശം :
പുറപ്പാട് 34:9

കർത്താവേ, നിനക്കു എന്നോടു കൃപയുണ്ടെങ്കിൽ കർത്താവു ഞങ്ങളുടെ മദ്ധ്യേ നടക്കേണമേ. ഇതു ദുശ്ശാഠ്യമുള്ള ജനം തന്നേ എങ്കിലും ഞങ്ങളുടെ അകൃത്യവും പാപവും ക്ഷമിച്ചു ഞങ്ങളെ നിന്റെ അവകാശമാക്കേണമേ എന്നു പറഞ്ഞു.

**സിസ്റ്റർ ബിന്ദു റെജി അയ്മനം 090**